**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1292** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനായി ഏതെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | **കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതികൾ:**<br><br>***പ്രസാദ് സ്കീം:***<br><br>1. *സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം* എന്ന പദ്ധതിക്കായി 29.91 കോടി രൂപയുടെ വിശദ പദ്ധതി രേഖ (ഡി. പി. ആർ.) 20.02.2021ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്രത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ 27.04.2022ൽ സ്ഥലം സന്ദർശിച്ച് ചില മാറ്റങ്ങളോടെ പരിഷ്കരിച്ച ഡി. പി. ആർ . നൽകാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി. പി. ആർ. തയാറാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.<br><br>2. *ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശൂർ ഇൻ കേരള* എന്ന പദ്ധതിക്കായി 4.29 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡി. പി. ആർ. 19.07.2021ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു; കേന്ദ്രത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ 26.04.2022ൽ സ്ഥലം സന്ദർശിച്ച് ചില മാറ്റങ്ങളോടെ പരിഷ്കരിച്ച ഡി. പി. ആർ. നൽകാൻ നിർദേശിച്ചിരുന്നു. ഇപ്രകാരം നവീകരിച്ച ഡി. പി. ആർ. തയാറാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.<br><br>3. *ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്ട്* എന്ന പദ്ധതിക്കായി ഏഴ് കോടി രൂപ ചെലവ് കണക്കാക്കുന്ന ഡി. പി. ആർ. തയാറാക്കി 20.02.2021 ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.<br><br>***സ്വദേശ് ദർശൻ സ്കീം:***<br><br>*ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിങ്സ് & ഇടുക്കി ഡാം സറൗണ്ടിങ്സ്* എന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി ഡി. പി. ആർ. 14.06.2021ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. |
| (ബി) | ഇപ്രകാരം അംഗീകാരം ലഭിച്ച എത്ര പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാകുമെന്ന് വിശദമാക്കാമോ; | (ബി) | മേൽ പരാമർശിച്ച പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (സി) | നടപ്പുവർഷം വിനോദ സഞ്ചാര വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതുമൂലം വിനോദസഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് നേടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാനും 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന നൂതന സംരംഭത്തിലൂടെ പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കാനും വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ടൂറിസം വിപണനവുമായി ബന്ധപ്പെട്ട് ദേശീയ, അന്തർദേശീയ തലങ്ങളിൽ ചുവടെ ചേർക്കുന്ന ക്യാംപെയ്നുകളും നടത്തുവാൻ പദ്ധതിയുണ്ട്:<br><br>***രാജ്യത്തിനകത്തു നടത്തിയ ക്യാംപെയ്നുകൾ***<br><br>സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാംപെയ്ൻ<br><br>കേരളാ ഡ്രൈവ് ഹോളിഡേ<br><br>ലോങ് സ്റ്റേയ്സ് ഇൻ കേരള<br><br>ഹോംസ്റ്റേ പ്രമോഷൻസ്<br><br>ഹണിമൂൺ ഹോളിഡേയ്സ്<br><br>കാരവൻ കേരള: കാരവൻ ടൂറിസം പ്രമോഷൻ<br><br>ചേഞ്ച് ഓഫ് എയർ ക്യാംപെയ്ൻ<br><br>നാഷനൽ പാർട്ണർഷിപ്പ് മീറ്റ്<br><br>സോഷ്യൽ മീഡിയ ക്യാംപെയ്ൻ<br><br>ദേശീയ/ഫെയറുകളിലെ പ്രാതിനിധ്യം<br><br>ദേശീയ B2B മീറ്റ്<br><br>***രാജ്യത്തിനു പുറത്ത് നടത്തിയ ക്യാംപെയ്നുകൾ***<br><br>WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ രാജ്യാന്തര ടൂറിസം ഫെയറുകളിൽ പ്രാതിനിധ്യം<br><br>മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ തുടങ്ങിയ റോഡ് ഷോകൾ<br><br>ഇന്റർനാഷനൽ റീ ഓപ്പണിങ് ക്യാംപെയ്ൻ<br><br>ഇന്റർനാഷനൽ സോഷ്യൽ മീഡിയ ക്യാംപെയ്ൻ |

| | | | |
|---|---|---|---|
| | | | ടൂറിസം കേന്ദ്രങ്ങളെ പരിചയ പ്പെടുത്താൻ QR കോഡ് സംവിധാനവും ഏർപ്പെടുത്തി.<br><br>വിനോദസഞ്ചാരികൾക്ക് ആശയവിനിമയം നടത്താൻ മായ വാട്സ്ആപ് ചാറ്റ് ബോട്ടിനും രൂപം നൽകിയിട്ടുണ്ട്.<br><br>ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്, സ്ട്രീറ്റ് പദ്ധതി, എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. മേൽ ക്യാംപെയ്നുകളിലൂടെ വിനോദ സഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വർധന കൈവരിക്കാനാവുമെന്നാണ് പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ